# ജാമക്കാരൻ
# JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 12

DECEMBER - 2024 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333

ജാമക്കാരൻ JAMAKKARAN

കർത്താവിൻ പ്രിയ ജാമക്കാരൻ വായനരേ,



കഴിഞ്ഞ ഒക്ടോബർ മാസ ജാമക്കാരനിൽ ഞാൻ അസുഖത്തിൽ അകപ്പെട്ടു. വെല്ലൂർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ട വിവരത്തെ എഴുതിയിരുന്നു എന്നെ വീൽ ചെയറിൽ ഇരുത്തി കൊണ്ടുപോയ ഫോട്ടോ കണ്ടവർ ഞെട്ടിപ്പോയി. അതു വായിച്ചശേഷം പലർ എന്നോട് ഫോണിൽ കരഞ്ഞുകൊണ്ടു സംസാരിച്ചു ഡോക്ടർക്ക് ഇങ്ങനെ സംഭവിക്കാൻ പാടില്ല ഇത്ര വർഷങ്ങളിൽ ഒരുദിവസം പോലും ഡോക്ടർ അസുഖത്തോടു കിടന്നതു ഞങ്ങൾ അറിഞ്ഞിട്ടില്ല. ഇപ്പോൾ ഞങ്ങൾ വായിച്ചപ്പോൾ മനസ്സിൽ വലിയ പ്രയാസം ഉണ്ടാകുന്നു. വായനക്കാർ എല്ലാവരും എന്നെ എത്ര സ്നേഹിക്കുന്നു എന്നറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

## DECEMBER - 2024

പലർ എന്നെ നേരിട്ടു കാണാൻ എന്റെ വീട്ടിലേക്കു വരാൻ തുടങ്ങി. ദയവായി സേലത്തിൽ എന്റെ വീട്ടിൽ വരാൻ ആരും ശ്രമിക്കരുത് അവരവരുടെ വീട്ടിൽ ഇരുന്ന് എനിക്കുവേണ്ടി പ്രാർത്ഥിച്ചാൽ മതി. എന്റെ അസുഖത്തിൽ നിന്ന് ഞാൻ സുഖമായിക്കൊണ്ടിരിക്കുന്നു വീട്ടിനുള്ളിൽ തന്നെ ഞാൻ നടക്കുന്നു. കഴിഞ്ഞ 10 മാസങ്ങളായി വീട്ടിൽ നിന്നു ഞാൻ എവിടെയും പോയിട്ടില്ല. എല്ലാ മീറ്റിങ്ങും ക്യാൻസൽ ചെയ്തു. ഇപ്പോഴും ഒത്തിരി സമയം നില്ക്കാൻ സാധിക്കുന്നില്ല.

രണ്ട് അസുഖങ്ങൾ ആണ് എനിക്ക് ഉള്ളത്.

1. ഡയബറ്റിക്ക് ന്യൂറോപ്പതി
2. വെർറ്റിഗോ (Vertigeo)

കാൽ മരവിപ്പ് നടക്കാൻ പ്രയാസം ഉണ്ടാക്കുന്നു. വെർറ്റിഗോ എന്നു പറയപ്പെടുന്ന തലകറക്കം എപ്പോ വരുന്നു എന്ന് അറിയാത്ത തുകൊണ്ട് ഞാൻ എവിടെയും പോകാൻ സാധിക്കുന്നില്ല. എന്റെ പള്ളിക്കുപോലും പോയി ആരാധനയിൽ സംബന്ധിക്കുവാൻ സാധിക്കുന്നില്ല. തിരുവത്താഴം അച്ചൻ എന്റെ വീട്ടിൽ വന്ന് ഒരു ചെറിയ ആരാധന നടത്തി ഞാൻ കൈക്കൊള്ളുന്നു ഇതാണ് ഇപ്പോൾ എന്റെ അവസ്ഥ. അതല്ലാതെ ഞാൻ എല്ലാ കാര്യത്തിലും ഞാൻ നന്നായിരിക്കുന്നു. ദൈവത്തിനു സ്തോത്രം.

ഡിസംബർ 2024 മാസിക ഞാൻ ഒക്ടോബർ മാസം എഴുതി തീർത്തു. ഇതുവരെ ഈ ദൈവവേലക്കു സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. നവംബർ മാസം മുതൽ എനിക്കയച്ച എല്ലാ കത്തുകൾക്കും മറുപടി കൊടുക്കാൻ സാധിച്ചില്ല. ഇനി അതുകൊടുക്കാം എന്നു വിശ്വസിക്കുന്നു. നിങ്ങൾ അയച്ച എല്ലാ പ്രാർത്ഥനാ കുറിപ്പുകൾക്കും ഞാൻ പ്രാർത്ഥിക്കുന്നു. ഇപ്പോൾ ഞാൻ വെളിയിൽ പോകാതെ വീട്ടിൽ ഇരിക്കുന്നതുകൊണ്ട് എല്ലാ പ്രാർത്ഥനാ കുറിപ്പുകൾക്കുംവേണ്ടി പ്രാർത്ഥിക്കാൻ എനിക്കു ധാരാളം സമയം കിട്ടുന്നു.

ദൈവ നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഡോ. പുഷ്പരാജ്**

# സദൃശ്യവാക്യപുസ്തകം

(റവ രവീന്ദ്രനാഥ്ശാമുവേൽ ഇന്ത്യ)

ബൈബിളിലെ കാവ്യപുസ്തകങ്ങളിൽ ഒന്നാണ് സദൃശ്യവാക്യ പുസ്തകം.

1. **സദൃശ്യവാക്യം.**
2. **ഇയ്യോബ്**
3. **സങ്കീർത്തനങ്ങൾ**
4. **സഭാപ്രസംഗി**
5. **ഉത്തമഗീതം**

ഇതെല്ലാം എബ്രായ ഭാഷാകാവ്യങ്ങൾ. സദൃശ്യവാക്യം സഭാപ്രസംഗി, ഉത്തമഗീതം ഈ മൂന്നും ശലോമോൻ എഴുതി. ശലോമോൻ എഴുതിയ സദൃശ്യവാക്യത്തിൽ **ജ്ഞാനത്തെ**ക്കുറിച്ചും സഭപ്രസംഗി **മായയെ**ക്കുറിച്ചും ഉത്തമഗീതത്തിൽ **സ്നേഹത്തെ** ക്കുറിച്ചും എഴുതിയിരിക്കുന്നു. ഈ മൂന്നു സത്യങ്ങളെക്കുറിച്ചും നന്നായി ശലോമോൻ മനസ്സിലാക്കി. അവൻ 3000 സദൃശ്യവാക്യങ്ങളെപ്പറഞ്ഞു. അതിൽ അവന്റെ പാട്ടുകൾ 1005. എന്ന് ശലോമോനെക്കുറിച്ച് 1 രാജാ. 4:32ൽ വായിക്കാൻ സാധിക്കുന്നു. ശലോമോൻ എഴുതിയ സദൃശ്യങ്ങളിൽ വളരെ കുറച്ചു മാത്രമേ നമ്മുടെ കൈകളിൽ കിട്ടിയിട്ടുള്ളൂ. ലബനോനിൽ ഉള്ള ദേവദാരുമരങ്ങളെ തുടങ്ങി ചുമരിൽ വളരുന്ന ഈസോപ്പു വൃക്ഷാദികളെക്കുറിച്ചും മൃഗങ്ങൾ പറവകൾ ഇഴജാതികൾ മത്സ്യങ്ങൾ എന്നിവയെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ശലോമോന്റെ ജ്ഞാനത്തെ ക്കുറിച്ചു അറിഞ്ഞു സകല രാജാക്കന്മാരും പലജാതിജനങ്ങളും അവന്റെ ജ്ഞാനത്തെക്കുറിച്ചറിയാൻ നേരിട്ടുവന്നു (1രാജാ. 4:33, 34).

സദൃശ്യവാക്യപുസ്തകത്തിൽ ശലോമോന്റെ ജ്ഞാനത്തെ ക്കുറിച്ചു നാം കാണുന്നു. സദൃശ്യ വാക്യം എന്നത് ഒരു പ്രത്യേക സത്യത്തെ വളരെ വ്യക്തമായി പറയുന്ന വാക്യമാണ്. നീണ്ട അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചെറിയ വാക്യങ്ങളായി എഴുതിയതാണ്. സദൃശ്യവാക്യം പറയുന്ന സത്യങ്ങൾ വളരെ എളുപ്പമായി മനസ്സിൽ പതിയും. അനുഭവത്തിൽ വന്ന സത്യങ്ങൾ.

സദൃശ്യവാക്യപുസ്തകത്തിന്റെ കുറിവാക്യം സദൃ. 1:7ൽ പറഞ്ഞിരിക്കുന്നു. ദൈവഭയം ജ്ഞാനത്തിന്റെ ആരംഭം. മൂഢന്മാർ ജാഞാനവും പ്രബോധനവും നിരസിക്കുന്നു. കിഴക്കേ ദേശങ്ങളിലെ സാദൃശ്യമാണ് ആദ്യ പുസ്തകമായി ചേർത്തിരിക്കുന്നത്. ശലോമോൻ പല ദേശങ്ങളിൽ നിന്ന് ഉപദേശങ്ങൾ ശേഖരിച്ച് അവ ഒന്നാക്കി അടുക്കാക്കി വച്ചിരിക്കുന്നു. അതിൽ ചില സദൃശ്യവാക്യങ്ങൾ ശലോമോൻ എഴുതിയതും ചേർത്തിരിക്കുന്നു. ശലോമോൻ ചേർത്തിരിക്കുന്ന സദൃശ്യവാക്യങ്ങളിൽ ദൈവം തന്റെ മുദ്ര വെച്ചിരി ക്കുന്നതിനാൽ അതു വേദപുസ്തകത്തിൽ ചേർത്തിരിക്കുന്നു. സദൃശ്യ വാക്യപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സദൃശ്യവാക്യങ്ങൾക്കും മറ്റു എഴുത്തുകാർ എഴുതിയ സദൃശ്യവാക്യങ്ങൾക്കും വളരെ വ്യത്യാസം ഉണ്ട്. ഗ്രീക്കുകാർ സദൃശ്യവാക്യങ്ങൾ എഴുതുന്നതിൽ പ്രാവീണ്യം ഉള്ളവരാണ്. ഗ്രീക്കുകവികൾ ഗ്രീക്കുഭാഷയിൽ ജ്ഞാനമുള്ളവരാണ്.

## സദൃശ്യവാക്യപുസ്തകത്തിന്റെ ചില നല്ല ഗുണങ്ങൾ

നമ്മുടെ ബുദ്ധിക്കു യോജിക്കാത്ത ഒരു കാര്യവും സദൃശ്യവാക്യത്തിലില്ല ഉദാഹരണമായി **സകല ജാഗ്രതയോടും നിന്റെ ഹൃദയത്തെ കാത്തുകൊൾക ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നു.** സദൃ. 4:34 ഇതൊരു ശ്രേഷ്ഠ വാക്യമാണ്. എന്തുകൊണ്ടെന്നാൽ 270 വർഷങ്ങൾക്കുശേഷം ഹാർവേ എന്ന ഗവേഷകൻ കണ്ടുപിടിച്ചതിൽ പ്രകാരം ഹൃദയമിടിപ്പിനാൽ രക്തം ശരീരത്തെ ചുറ്റി ഓടുന്നു. അതിനു പ്രധാന കാരണം ഹൃദയമായ മോട്ടോർ (യന്ത്രം). ഇതിനു എതിരായി അപ്പോക്രീഫാ ബർണ്ണബാസിന്റെ ലേഖനത്തിൽ വ്യാജമായ കഥകൾ ഉണ്ട്

അതിൽ ഒന്നു പുരാണകാല പറവ ഫിനിക്സ് തന്നെത്താൻ തീയിൽ ചാടി വീണ്ടും ജീവിക്കുന്നു എന്നതുപോലെയുള്ള പലകഥകൾ പറഞ്ഞിരിക്കുന്നു. പക്ഷെ സദൃശ്യവാക്യത്തിൽ അതുപോലെ സത്യമല്ലാത്ത ഒരു കാര്യവും പറഞ്ഞിട്ടില്ല. സദൃശ്യവാക്യങ്ങൾ പഴയ കാലപുസ്തകമായിരുന്നാലും ഇന്നത്തെ സയൻസിന് എതിരായ ഒരു വാക്യവും അതിലില്ല. അതുകൊണ്ട് ചിന്തിക്കുന്ന ഏതു മനുഷ്യനും ദൈവത്തിന്റെ അറിവുകൊണ്ടാണെഴുതിയത് എന്നു സമ്മാതിക്കും.

ഒരു ഉയർന്ന ധാർമ്മീകത ഈ പുസ്തകം നമുക്കു സമ്മാനിക്കുന്നു. മറ്റു പുസ്തകങ്ങളിൽ കാണുന്നതുപോലെ അധാർമ്മീകമായ കാര്യങ്ങൾ ഒന്നും ഇല്ല. **"ജസ്റ്റിൻ മാർട്ടിൻ"** എന്ന വ്യക്തി **സോക്രട്ടീസ്** ക്രിസ്തുവിനുമുമ്പുള്ള ക്രിസ്ത്യാനി എന്നു പറയും ഇതു സാദ്ധ്യമല്ലാത്ത വിഷയമാണ്. സോക്രട്ടീസ് ഉയർന്ന ധാർമ്മീകത പറഞ്ഞിരിക്കുന്നു എന്നു അദ്ദേഹത്തിന്റെ അനുയായികൾ പറയും വ്യഭിചാരികൾ എങ്ങനെ നടക്കണം എന്നു വ്യഭിചാരത്തിൽ ഉൾപ്പെട്ട സ്ത്രീകൾക്കു ആലോചന പറഞ്ഞിരിക്കുന്നു ഇങ്ങനെ ഉള്ള ഒരു വ്യക്തി അധാർമ്മീകമായതു പറയും എന്നു നമുക്കു കാണാം. എന്നാൽ സദൃശ്യ വാക്യത്തിൽ ഉന്നതമായി ജീവിതധാർമ്മീകത കാണാൻ സാധിക്കും.

സദൃശ്യവാക്യത്തിൽ വിപരീതമായി ഒന്നും പറഞ്ഞിട്ടില്ല ( സദൃശ്യവാക്യപുസതകത്തിൽ ഏതൊരാശയത്തെയും തുടർച്ചയായി പറയാതിരുന്നാലും നാം അതു ചിട്ടയായി പഠിക്കുമ്പോൾ അതുചരിത്രമായിരിക്കുന്നതുകാണാൻ സാധിക്കും. സദൃശ്യവാക്യ പുസ്തകം ജീവിതത്തിൽ കാലെടുത്തുവക്കുന്ന ഒരു യുവാവിന്റെ ജീവിതത്തെ ചിത്രീകരിക്കുന്നു ആദ്യപാഠം അവൻ സദൃശ്യവാക്യ പുസ്തകം ആദ്യഅദ്ധ്യായത്തിൽ 7–ാം വചനത്തിൽ പഠിക്കാൻ സാധിക്കും ഇതുതന്നെ ഈ പുസ്തകത്തിന്റെ ആശയവാക്യം

**സദൃശ്യവാക്യപുസ്തകത്തിലെ ഉപദേശങ്ങൾ എല്ലാദേശങ്ങൾക്കും കാലങ്ങൾക്കും യോജിച്ചതാണ്**

ഒരു മനുഷ്യൻ പഴയനിയമകാലത്തിൽ ജീവിച്ചാലും

പുതിയനിയമകാലത്തിൽ ജീവിച്ചാലും പുതിയ യരുശലേമിന്റെ ഇന്നത്തെ കാലത്തിൽ ജീവിച്ചാലും ഇതിലെ ഉപദേശങ്ങളെല്ലാം യോജിച്ചതാണ്. ഈ പുസ്തകത്തിൽ സുവിശേഷം! പറയപ്പെട്ടിട്ടില്ല എന്നു ചിലർ പറയും. ജ്ഞാനം എന്നത് കർത്താവായ യേശു അല്ലാതെ ആരും അല്ല. ഒന്നിനോടൊന്നു ബന്ധമില്ലാത്ത വാക്യങ്ങളുള്ള പുസ്തകമല്ല ഇത്. രാജാക്കന്മാരുടെ പ്രസംഗവും അല്ല, വളരെ അർത്ഥമുള്ള, ചിട്ടയായി എഴുതപ്പെട്ട ഒരു പുസ്തകമാണ്. ശലോമോൻ തന്റെ ഉപദേശങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു. സഭാപ്രസംഗി ജ്ഞാനിയായിരുന്നതു കൂടാതെ അവൻ ജനത്തിനു പരിജ്ഞാനം ഉപദേശിച്ചു കൊടുക്കയും ചിന്തിച്ച് ശോധന കഴിച്ച് അനേകം സദൃശ്യവാക്യം ചമക്കയും ചെയ്തു (സഭാ. പ്ര. 12:9).

ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്ന വ്യക്തികളെ സദൃശ്യ വാക്യങ്ങൾ പ്രതിഫലിപ്പിക്കുന്നു. സദൃശ്യവാക്യങ്ങൾ വായിക്കുമ്പോൾ നിങ്ങൾ പരിചയപ്പെട്ട പലരുടെ മുഖങ്ങൾ നിങ്ങളുടെ മുമ്പിൽ വരും നിങ്ങൾ ആ വചനങ്ങളെ വായിക്കുമ്പോൾ അവർ നിങ്ങളുടെ ഓർമ്മയിൽ വരും.

എബ്രായ കവിതകൾ ഈരടി കവിതകളായി എഴുതിയിരിക്കുന്നു ഒരേ ആശയം വരത്തക്കവണ്ണവും എഴുതിയിരിക്കുന്നു. ഒരേ ആശയമുള്ള എബ്രായ കവിതകളെ മൂന്നുവിധമായി വേർതിരിച്ചു മനസ്സിലാക്കാം.

**1. ഒരേ ആശയത്തെ കൊടുക്കുന്ന ജോടി കവിത**

ഒന്നാമത്തെ വരിയും രണ്ടാമത്തെ വരിയും ഒരേ അർത്ഥത്തിലാണെങ്കിലും വേറെ വേറെ വാക്കുകൾ കൊടുക്കുന്നു.

ഉദാ: പരിഹാസികൾക്കായി ശിക്ഷാവിധിയും മൂഢന്റെ മുതുകിനു തല്ലും ഒരുങ്ങിയിരിക്കുന്നു (സദൃ. 19:29).

**2. എതിരായിട്ടുള്ള രണ്ടു കാര്യങ്ങൾ ഒരേ അർത്ഥത്തിൽ പറഞ്ഞിരിക്കുന്നു.**

നീതിമാന്മാരുടെ വെളിച്ചം **സന്തോഷിപ്പിക്കുന്നു** ദുഷ്ടന്മാരുടെ വിളക്കു **കെട്ടുപോകും.** സദൃ. 13:9

**3. ഒന്നാമത്തെ വാക്യത്തെ രണ്ടാമത്തെ വാക്യം വിവരിച്ചു പറയുന്നു.**

രാജാവിന്റെ ഭീഷണി സിംഹഗർജ്ജനം പോലെ. അവനെ കോപിപ്പിക്കുന്നവൻ തന്റെ പ്രാണനോടു ദ്രോഹം ചെയ്യുന്നു സദൃ. 20:2

**ഉള്ളടക്കം**

1. അദ്ധ്യായം 1–9
ജ്ഞാനവും ബുദ്ധിഹീനതയും വ്യത്യാസപ്പെടുത്തി കാണിക്കുന്നു.
2. അദ്ധ്യായം 10–24.
ശലോമോന്റെ സദൃശ്യവാക്യം. ശലോമോൻ എഴുതി ചിട്ടപ്പെടുത്തിയവ.
3. അദ്ധ്യായം 25–29.
ശലോമോന്റെ സദൃശ്യവാക്യം (യെഹെസ്കൽ രാജാവിന്റെ ആളുകൾ ചിട്ടയായി എഴുതിയ സദൃശ്യവാക്യങ്ങൾ)
4. അദ്ധ്യായം 30
ആഗൂരിന് അവന്റെ അമ്മ പറഞ്ഞ സദൃശ്യവാക്യങ്ങൾ
5. അദ്ധ്യായം 31
ലെമുവേലിന് അവന്റെ അമ്മ പറഞ്ഞ സദൃശ്യവാക്യം.

## അദ്ധ്യായം 1

സദൃശ്യവാക്യപുസ്തകം താല്പര്യമുളവാക്കുന്ന കഥപോലെ ഇല്ലല്ലോ എന്നു ചിന്തിക്കാം. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നിങ്ങൾ ഇതു വായിച്ചാൽ ഓരോരുത്തർക്കും പ്രയോജനമുള്ള വചനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നതു കാണുവാൻ സാധിക്കും. പ്രത്യേകമായി യുവാക്കൾക്കും യുവതികൾക്കും വളരെ ആവശ്യമായ ഒരു പുസ്തകമാണ് ഇത്. ഇന്ന് യൗവ്വനക്കാർ തങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന ചോദ്യങ്ങൾക്കു മറുപടി എവിടെയെല്ലാമോ തേടുന്നു. പക്ഷെ യൗവ്വനക്കാരുടെ ജീവിതത്തിലെ ചോദ്യങ്ങളുടെ മറുപടി സദൃശ്യവാക്യ പുസ്തകത്തിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. ഓരോരോ വചനമായി നാം ഇതെടുത്തു മനസ്സിലാക്കാം. ഒരു വചനം ഏതു സാഹചര്യത്തിൽ എഴുത പ്പെട്ടിരിക്കുന്നു എന്നു അറിഞ്ഞു അടുത്തുള്ള മറ്റു വചനങ്ങളോടു ചേർത്തും മനസ്സലാക്കാം.

ഒരു വൈരക്കൽ വയ്ക്കേണ്ട സ്ഥലത്തു വെച്ചുനോക്കുമ്പോഴാണ് അതിന്റെ മുഴുവൻ സൗന്ദര്യവും നമുക്കു കാണാൻ സാധിക്കുന്നത്. ഇവിടെ അതു വച്ചിരിക്കുന്ന ഇടം സദൃശ്യവാക്യപുസ്തകമാണ്. സദൃശ്യവാക്യപുസ്തകത്തിൽ 31 അദ്ധ്യായങ്ങൾ ഉള്ളതുകൊണ്ടു മാസത്തിന്റെ ഓരോരോ ദിവസവും ഓരോരോ അദ്ധ്യായങ്ങൾ വായിക്കാൻ യൗവ്വനക്കാരോടു അഭ്യർത്ഥിക്കുന്നു. മറ്റു വേദഭാഗങ്ങൾ വായിക്കുമ്പോൾ ഇതും ചേർത്തു വായിക്കണം. തീർച്ചയായും ഇതു നിങ്ങൾക്കു പ്രയോജനം ഉള്ളതായിരിക്കും.

**സദൃ. 1:1**

ഈ വചനത്തിൽ ഈ പുസ്തകം എഴുതിയതു ശലോമോൻ എന്നു പറഞ്ഞിരിക്കുന്നു. ശലോമോൻ പല സ്ഥലങ്ങളിൽ ചില സദൃശ്യവാക്യങ്ങളെ ഒത്തു ചേർത്തു എഴുതിയിരിക്കുന്നു. ചില സദൃശ്യവാക്യത്തെ ശലോമോൻ തന്നെ എഴുതിയിരിക്കുന്നു. ഈ പുസ്തകത്തിൽ നാം കാണുന്നതെക്കാൾ വളരെ സദൃശ്യവാക്യങ്ങൾ ശലോമോൻ എഴുതിയിട്ടുണ്ട്. സദൃ. 1–ാം അദ്ധ്യായം മുതൽ 9–ാം അദ്ധ്യായം വരെ ജ്ഞാനവും മൂഢതയും വേർതിരിച്ചുകാണിക്കുന്നു. ഓരോരോ യൗവ്വനക്കാരും ജീവിതത്തിന്റെ ആദ്യപടിയിൽ നില്ക്കുമ്പോൾ ദൈവം അവർക്കു കൊടുക്കുന്ന ആലോചന നോക്കുവിൻ.

**സദൃ. 1:2**

ഇവിടെ ഒരേ അർത്ഥത്തെ കൊടുക്കുന്നതുപോലെ 10 വാക്യങ്ങളെ നാം കാണുന്നു. ഓരോരോ വാക്യത്തെക്കുറിച്ചും ധ്യാനിക്കാം. ഇവ ഒന്നുപോലെ ഇരുന്നാലും ഓരോ ആഴമായ അർത്ഥത്തെ കൊടുക്കുന്നതാണ്. അവയിൽ ചിലതു ശ്രദ്ധിക്കാം.

**ജ്ഞാനത്തെ അറിഞ്ഞു:-** ജ്ഞാനം എന്നാൽ എന്ത്? വേദപുസ്തകത്തിൻപ്രകാരം ബുദ്ധിയെ ശരിയായി ഉപയോഗിക്കു ന്നതാണ് ജ്ഞാനം. വേദപുസ്തകത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വാചകം **ബുദ്ധിയിൽ**

ശ്രേഷ്ഠരായ് പലർ ഉണ്ട് അവർ എല്ലാപേരും **ജ്ഞാനം** ഉള്ളവരല്ല. അവർ തങ്ങളുടെ ബുദ്ധിയെ ശരിയായി ഉപയോഗിക്കുന്നവരായി കാണുന്നില്ല.

പഴയനിയമത്തിൽ **ജ്ഞാനം** എന്നു പറയുന്നതു ഇന്നത്തെ ഒരു വിശ്വാസിയുടെ ജീവിതത്തിൽ യേശു ആകുന്നു. 1 കൊരി. 1:37 (അവൻ അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു **ജ്ഞാനവും** നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു). ഈ ഉള്ളടക്കത്തിൽ **ജ്ഞാനത്തെ** പ്രധാനമായി പറയപ്പെട്ടിരിക്കുന്നു. **ജ്ഞാനത്തെ** അറിയണം എന്നാൽ അതു **യേശുവെ** അറിയുന്നതാണ്. ഇതുതന്നെ അപ്പോ. പൗലോസും തന്റെ ഉദ്ദേശമായി പറയുന്നു. ഫിലി. 3:9–11. ഈ തീഷ്ണത ഇന്നു നമുക്ക് ആവശ്യം.

ക്രിസ്തുവിനെ നാം കൂടുതൽ കൂടുതൽ അറിയാൻ വാഞ്ചി ക്കുന്നത്. **ജ്ഞാനത്തെ** മനസ്സിലാക്കുന്നതിനു തുല്യമായിരിക്കും. അതുകൊണ്ട് **ജ്ഞാനം** തന്നെ **യേശുക്രിസ്തു** എന്നു പറയാം. **ജ്ഞാനം** എന്നാൽ ബുദ്ധിയെ ശരിയായി ഉപയോഗിക്കുന്ന കഴിവ്. ഒരുത്തൻ **യേശുക്രിസ്തുവിനെ അറിഞ്ഞിരുന്നാൽ അവൻ മൂഢനായിരിക്കാൻ സാധിക്കില്ല.** അവൻ ബുദ്ധിമാനായിത്തന്നെ ഇരിക്കും. ചിലപ്പോൾ നിങ്ങൾ സൂക്ഷ്മബുദ്ധിയുള്ളവരായിരിക്കില്ല എന്നാൽ **യേശുക്രിസ്തു വിനെ സ്വന്തരക്ഷിതാവായി** സ്വീകരിക്കുമ്പോൾ നിങ്ങൾക്കു **ജ്ഞാനം** ലഭിക്കുന്നു.

**പ്രബോധനം (ഉപദേശം):**–പ്രബോധനം എന്ന് തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള എബ്രായവാക്ക് ചിലയിടങ്ങളിൽ ശിക്ഷ എന്ന തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. ഉദാഹരണമായി വടിയെ കയ്യിൽ എടുക്കാത്തവൻ തന്റെ മകനെ പകക്കുന്നു. അവന്റെ മേൽ സ്നേഹമായിരിക്കുന്നവനോ നേരത്തെ അവനെ ശിക്ഷിച്ചിരിക്കും. ഇവിടെ ശിക്ഷിക്കുന്നു എന്നുള്ളതു അവനെ പ്രബോധിപ്പിക്കുന്നു എന്നാണ്. അതുകൊണ്ട് പ്രബോധിപ്പിക്കുന്നു എന്നുള്ളത് അവനെ ശാസിച്ചു പഠിപ്പിക്കുന്നു എന്നാണ് ശിക്ഷിച്ചും പഠിപ്പിക്കാം. ഇത് ഇന്ന് മറന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു സത്യമാകുന്നു.

ഇന്ന് ഈ സത്യത്തെ അനുസരിക്കുന്ന കുടുംബങ്ങൾ വളരെ കുറവ്. ഇന്ന് ഈ വചനത്തെ ബഹുമാനിക്കുന്നു അധികാരസ്ഥർ വളരെക്കുറവ് ഇന്ന്

നിയമത്തെ ലംഘിക്കുന്നവരെ ശരിയാക്കുവാനും അവരുടെ ജീവിതത്തിൽ മാറ്റം വരുത്തുവാനും അവരെ ജയിലിൽ വയ്ക്കുന്നു എന്നു പറയപ്പെടുന്നു. പക്ഷെ തടവുകാരെ കൈകാര്യം ചെയ്യുന്ന രീതി അല്ല വേണ്ടത്. ദൈവത്തിന്റെ വചനപ്രകാരം അവരെ ശിക്ഷിക്കണം. നിങ്ങളുടെ മക്കളെ നിങ്ങൾ നേരെയാക്കേണ്ടത് ആവശ്യം അവരെ ശിക്ഷിക്കുന്നതു മൂലമായി അവർ നേരേയാക്കപ്പെടണം.

കുടുംബത്തിൽ കുഞ്ഞുങ്ങൾക്ക് അടികൊടുക്കുന്നത് ശാസിക്കുന്നതും ശിക്ഷയല്ല പഠിപ്പിക്കാൻവേണ്ടി അങ്ങനെ ചെയ്യുന്നു. അവർ പഠിക്കണം.

**വെല്ലുവിളി** **സദൃ. 1:15:-** ചില നല്ല മനുഷ്യർ ഞാൻ ഇനി പഠിക്കാൻ ഒന്നുമില്ല എനിക്കെല്ലാം അറിയാം എന്നു ചിന്തിക്കുന്നു ഇതു ഗർവ്വത്തെ കാണിക്കുന്നു. എന്നാൽ സദൃശ്യവാക്യം പറയുന്നത്. ജ്ഞാനി കേട്ടിട്ടു വിദ്യാഭിവൃദ്ധിപ്രാപിപ്പാനും ബുദ്ധിമാൻ സദുപദേശം ഗ്രഹിപ്പാനും എന്നാണ്. ഈ മുഴുപുസ്തകവും നമ്മെ പഠിപ്പിക്കുന്നതു ഇതുതന്നെ ബുദ്ധിമാൻ അതു വായിച്ചിട്ട് സൽബുദ്ധി പ്രാപിക്കും.

**സദൃ. 1:6:-** ഇതേ സത്യത്തെ എടുത്തു പറയുന്ന മറ്റൊരു വാക്യം സദൃശ്യവാക്യത്തിൽ ഉണ്ട് കാര്യം മറയ്ക്കുന്നതു ദൈവത്തിന്റെ മഹത്വം കാര്യം ആരായുന്നതോ രാജാക്കന്മാരുടെ മഹത്ത്വം. (സദൃ. 25:2).

കർത്താവിന്റെ വാക്ക് അനേകസത്യങ്ങൾ നിറഞ്ഞ വൈരത്തെപ്പോലെ ഇരിക്കുന്നു. ദൈവം ഈ വൈരക്കല്ലുകളെ ഭൂമിയുടെ മീതെ അവിടെ ഇവിടെ എന്നു വീശി എറിഞ്ഞിട്ടില്ല. വിലമതി ക്കാനാവാത്ത ഈ സത്യങ്ങളെ ഗുപ്തമാക്കിവെച്ചിരിക്കുന്നു. വൈരങ്ങളും കല്ലുകളും കുഴിച്ചെടുക്കുംപോലെ, വില കൂടിയ എണ്ണകൾ ഭൂമി കുഴിച്ചു തന്നെ എടുക്കണം. അതുപോലെ ദൈവം തന്നെ അങ്ങനെയുള്ള ഏർപ്പാടു ചെയ്തിരിക്കുന്നു.

**കാര്യം മറച്ചുവെക്കുന്നതു ദൈവത്തിന്റെ മഹത്വം:-** കർത്താവിന്റെ വചനങ്ങളെ വളരെ ശ്രദ്ധയോടെ ആരാഞ്ഞു പഠിക്കണം അതുകൊണ്ടാണ് കർത്താവായ യേശുക്രിസ്തു വേദവചനങ്ങളെ ആരാഞ്ഞു പഠിക്കുവിൻ അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട് എന്നു പറഞ്ഞിരിക്കുന്നത്.

യേശുക്രിസ്തുവിനെ നിങ്ങൾ കണ്ടുപിടിച്ചിട്ടില്ല എങ്കിൽ നിങ്ങൾ യേശു എന്ന ഉയരത്തെയും ആഴത്തെയും ശരിയായി തോണ്ടി എടുത്തിട്ടില്ല എന്നർത്ഥം. സദൃശ്യവാക്യത്തെ മനസ്സിലാ ക്കുവാനും അതിന്റെ അർത്ഥത്തെ ശരിയായി മനസ്സിലാക്കുവാനും ഇനിയും ശക്തിയായി തോണ്ടപ്പെടണം ശ്രദ്ധിച്ചു പഠിക്കണം. വളരെ ഉന്നതമായ സത്യങ്ങളെ ദൈവം നമുക്കു തന്നിരിക്കുന്നു. പക്ഷെ ഈ കാലങ്ങളിൽ പരിതാപമായ ഒരു സ്ഥിതിയെന്തെന്നാൽ പള്ളിയിൽ വരുന്ന പ്രസംഗീകരും പ്രസംഗകത്തെ കേൾക്കാൻ വരുന്ന സഭാജനങ്ങളും വേദവചനത്തെക്കുറിച്ചു ശരിയായി അറിവില്ലാത്തവരായി കാണപ്പെടുന്നു. ചിലർ വേദപുസ്തകത്തെ വെറുതേവായിച്ചുപോകുന്നു. ആഴത്തിലേക്കു പോകുന്നില്ല. ബൈബിൾ വചനങ്ങളെ ആഴമായി വായിക്കാതെ പോയാൽ വചനത്തിന്റെ ഉള്ളിൽ ഉള്ള ആഴമായ സത്യങ്ങൾ മനസ്സിലാക്കാനേ സാധിക്കുന്നില്ല. ചിന്തിച്ചു നോക്കുവിൻ ഒരു പ്രത്യേകവിഷയത്തെ കണ്ടുപിടിക്കാൻ എത്രയോ ഗവേഷണങ്ങൾ നടത്തുന്നു. അതിൽ എത്രയോ തോല്വികളെ അനുഭവിക്കുന്നു. എന്നാലും ഒരുദിവസം അവൻ തീർച്ചയായും ജയിക്കും.

തങ്ങളുടെ ജീവിതത്തിൽ അത്ഭുതം, നടക്കും അനുഗ്രഹം ലഭിക്കും എന്നുപറഞ്ഞാൽ യോഗത്തിനു അനേക കൂട്ടങ്ങൾ വരുന്നു. എന്നാൽ ബൈബിൾ ഗവേഷണം ചെയ്യാം എന്നു പറഞ്ഞാൽ വളരെ കുറച്ചു പേർ മാത്രം കാണുന്നു. അതിനു കാരണം മനുഷ്യനു ആ ബുദ്ധിയിൽ താല്പര്യമില്ല. ഇന്നു സദൃശ്യവാക്യം നമ്മുടെ മുന്നിൽ വച്ചിരിക്കുന്ന വെല്ലുവിളി എന്തെന്നാൽ 2 തിമൊ. 2:15 പൗലോസ് എഴുതിയിരി ക്കുന്നതുപോലെ **സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു**കൊണ്ട് ലജ്ജിപ്പാൻ **സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക.**

**സദൃ. 1:7:-** ഇവിടെ വിപരീതമായി കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. കർത്താവിനെ ഭയപ്പെടുത്തുന്നതുതന്നെ ജ്ഞാനത്തിന്റെ ആരംഭം. അതേസമയം എതിരായി മൂഢൻ ജ്ഞാനത്തെയും പ്രബോധനത്തെയും നിരസിക്കുന്നു. അതായത് മൂഢൻ ദൈവത്തെയും ദൈവഭയത്തെയും അലക്ഷ്യമാക്കുന്നു. നാം മൂഢന്മാർ

ആകാതിരിക്കാൻ സദൃശ്യവാക്യ പുസ്തകം നമുക്ക് വിലയേറിയ ബുദ്ധിയെയും ജ്ഞാനത്തെയും വിവേകത്തെയും തരുന്നു.

**സദൃ:-1:8, 9:-** ഈ വചനം മുഖ്യമായി കുടുംബബന്ധങ്ങളെക്കുറിച്ചു സംസാരിക്കുന്നു. ധാരാളം പേർക്ക് ദൈവത്തെ ഭയപ്പെടുന്ന മാതാപിതാക്കൾ ഉണ്ടായിരിക്കാം അവരാൽ നല്ല വിധത്തിൽ ഉപദേശിക്കപ്പെട്ടിരിക്കാം. അങ്ങനെ ഉള്ളവർ മാതാപിതാക്കളാൽ പഠിപ്പിക്കപ്പെട്ട കാര്യങ്ങളിൽ നിന്നുവഴിമാറിപ്പോകുന്നില്ല-

**വീടിനുവെളിയിൽ നിന്നുവരുന്ന പരീക്ഷകൾ:- സദൃ. 1:10:-**ഇതു വീട്ടിനുവെളിയിൽ ഉള്ള സാഹചര്യത്തെ പറയുന്നു. ബാല്യപ്രായമായ മകൻ വീടിനു വെളിയിൽ പോകുമ്പോൾ അവൻ സന്ദർശിക്കുന്ന ആദ്യ വ്യക്തി ആരാണ് ? അവൻ സാധാരണമായ ദൈവത്തെ അറിയാത്ത ഒരു മനുഷ്യനെ സന്ദർശിക്കുന്നു. അവൻ ദൈവത്തെ അറിയാത്ത മനുഷ്യനായി തന്നെ ഇരിക്കുന്നു.

ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന ആലോചന എന്തെന്നാൽ വീടിനു വെളിയിൽ പോകുന്ന മകനേ പാപികൾ നിന്നെ അവരുടെ വഴിയിലേക്ക് ആകർഷിച്ചാലും നീ അവരുടെ വഴിയിൽ പോകരുത്. ഒരുപക്ഷെ അവരോട് നിനക്ക് സംസാരിക്കാൻ താല്പര്യമില്ലാതെ പോയാലും ഈ വചനത്തെ വായിക്കുമ്പോഴെല്ലാം അവരുടെ മുഖങ്ങൾ നിങ്ങളുടെ കണ്ണിനുമുമ്പിൽ വരും. ഈ വചനത്തെ വായിക്കുമ്പോൾ നമ്മുടെ ഓർമ്മയിൽ വരുന്നത് യോസേഫ്. അവൻ അടിമയായി മിസ്രയിമിൽ ജീവിച്ചാലും പോത്തിഫോറിന്റെ ഭാര്യ ദിവസവും അവനെ കാണുമ്പോഴെല്ലാം ലൈംഗീക പാപത്തിന് അവനെ നിർബ്ബന്ധിച്ചു അവളുടെ വാക്കിന് അവൻ വഴിപ്പെട്ടില്ല. അവന്റെ ഈ നല്ല അനുഭവത്തെ ഈ വചനം ഓർമ്മപ്പെടുത്തുന്നു.

**സദൃ. 1:11-13:-** പാപികളായ മനുഷ്യർ ഒന്നുമില്ലാത്ത സാഹചര്യത്തിൽ നിന്ന് സമ്പത്തും കൊള്ളയെയും ലഭിക്കുവാൻ വേണ്ടി തിന്മയായ പദ്ധതികളെ വെച്ചിരിക്കുന്നു. മറ്റുള്ളവരെ കഷ്ടപ്പെടുത്തി തങ്ങൾ നന്നായി ജീവിക്കാൻ ആഗ്രഹിക്കുന്നു.

**സദൃ. 1:14:-** ഇന്ന് കുറുക്കുവഴിയിൽ പണം സമ്പാദിക്കാൻ പലർ ആഗ്രഹിക്കുന്നു, പ്രത്യേകിച്ചു യൗവ്വനക്കാർ, ഈ തെറ്റായ വഴിയെ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നു. ധനത്തിൻ മീതെ ആശയില്ലാ തിരിക്കാൻ ശ്രമിക്കണം.

**സദൃ. 1:15:-** ഇങ്ങനെ വേർപ്പെടുത്തപ്പെട്ട ജീവിതത്തെക്കുറിച്ച് വേദപുസ്തകം വ്യക്തമാക്കുന്നു. ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കരുതെന്നും പാപികളുടെ വഴിയിൽ നില്ക്കരുതെന്നും പരിഹാസികളുടെ കൂടെ ഇരിക്കരുതെന്നും കർത്താവ് പറയുന്നു. അതുകൊണ്ടു നിങ്ങൾ അവരുടെ ഇടയിൽ നിന്നു പുറപ്പെട്ടുപോയി വേർപ്പെട്ടിരിപ്പീൻ എന്നും കർത്താവു പറയുന്നു. (2 കൊരി. 6:17). നിങ്ങളുടെ സ്കൂളിലോ ആഫീസിലോ തെറ്റായ വഴിയിൽ പോകുന്നവരുണ്ടെങ്കിൽ അവരെ വിട്ടുദൂരത്തു ഇരിക്കുന്നതു വളരെ ആവശ്യമാണ്. ജോലി സ്ഥലത്ത് ഇത്ര വർഷങ്ങൾ ഒന്നിച്ചു ജോലി ചെയ്തല്ലോ അവർ പറയുന്നതു ഞാൻ എങ്ങിനെ ഞാൻ തള്ളിക്കളയും. ഇവർ എന്റെ ട്രാൻസ്ഫറിനു വളരെ സഹായിച്ചിരിക്കുന്നു. അങ്ങനെയുള്ള അവരോടു യോജിക്കാതെ എങ്ങനെ ജീവിക്കാൻ സാധിക്കും അങ്ങനെ ആയാൽ നിങ്ങൾ ദൈവത്തിന്റെ വാക്കുതള്ളിക്കളയുന്നു എന്നാണ് അതിന്റെ അർത്ഥം.

**സദൃ. 1:16-18:-**ഇങ്ങനെ ഉള്ളവരോടു യോജിച്ചുപോകാൻ ധൈര്യപ്പെടുമെങ്കിൽ നിങ്ങൾ നിങ്ങൾക്കുതന്നെ നാശം വരുത്തും നിങ്ങൾ അവരുടെ വലയിൽ വീഴാൻ പോകുന്നു എന്നാണ് അതിന്റെ അർത്ഥം.

**സദൃ. 1:19:-**ദ്രവ്യാഗ്രഹത്തെക്കുറിച്ച് ആദ്യമായി നമുക്കു നൽകിയിരിക്കുന്ന ഓർമ്മപ്പെടുത്തൽ. നാം ലോകം മുഴുവനും പോകാൻ സാധിക്കുന്ന കാലത്തിൽ നാം ജീവിക്കുന്നു. പ്രൊഫസർ പട്ടം ലഭിച്ച ഒരു കോളേജ് അദ്ധ്യാപകൻ വളരെ വ്യക്തമായി, കോളേജുകളും പണത്തിന്റെ പിന്നാലെ പോകാൻ വഴി നടത്തുന്നു. എന്നു പറയുന്നു അതിനെ വിട്ട് കോളേജ് ദൈവത്തെ തേടുന്നതാകണം എന്നു ദൈവം മുന്നറിയിക്കുന്നു. ഇതിന്റെ

ഇടയിൽ ചിലർ ധനക്കൊതിയിൽ നിന്നു ഉണർന്നു തന്നെ അതിൽ നിന്നു വിലക്കി ജാഗ്രതയായിരിക്കുന്നു. ഇപ്പോൾ കാണപ്പെടുന്ന വലിയ പാപം, ധാരാളം ജനങ്ങൾ ചെയ്യുന്ന പാപം, **ദ്രവ്യാഗ്രഹം** എന്നു വചനം ചൂണ്ടിക്കാണിക്കുന്നു.

**സദൃ. 1:20:-** ജ്ഞാനം വെളിയിൽ നിന്നും യൗവ്വനക്കാരെ ജ്ഞാനത്തെ പഠിക്കണം എന്നു വിളിക്കുന്നു.

**സദൃ. 1:21, 22:-** നിങ്ങൾ എത്രകാലം മൂഢന്മാരായിരിക്കാൻ പോകുന്നു അങ്ങനെ ജീവിക്കുന്നത് ബുദ്ധിഹീനമായ കാര്യം. 20 വയസ്സുമുതൽ ഒരു യുവാവ് കഴിഞ്ഞ 33 വർഷങ്ങളായി മയക്കുമരുന്നിനു അടിമയായിരുന്നു. ഞാൻ എത്ര മൂഢനായിരുന്നു. എന്നു പറഞ്ഞു. ഇവിടെ ഒരു ചോദ്യം നിങ്ങൾ എത്രനാൾ മൂഢനായിരിക്കുവാൻ പോകുന്നു ? എപ്പോൾ ജ്ഞാനം പ്രാപിക്കും ? ജ്ഞാനം എന്നാൽ ബുദ്ധിയെ ശരിയായ രീതിയിൽ നടത്തുന്നതാണ് യാക്കോ. 1:15 **നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ അപ്പോൾ അവനു ലഭിക്കും.** നമുക്കു ദൈവത്തിന്റെ ജ്ഞാനം ആവശ്യമെങ്കിൽ ജ്ഞാനം വേണമെന്ന കൊതി ഇരുന്നാൽ തന്നെ ജ്ഞാനത്തെ ദൈവത്തിന്റെ പക്കൽ തേടാൻ സാധിക്കും. കർത്താവിനെ ഭയപ്പെടുന്നതു തന്നെ ജ്ഞാനത്തിന്റെ ആരംഭം.

**സദൃ. 1:23-28:-** ഇവിടെ ജ്ഞാനം തുടർന്നു വിളിക്കുന്നു. നിങ്ങൾ എന്നെ തേടാതിരുന്നാൽ ഞാനും നിങ്ങളുടെ ആപത്തുകാലത്തു ചിരിക്കും. നിങ്ങൾ ഭയപ്പെടുന്നതു കൊടുങ്കാറ്റുപോലെ വരുമ്പോൾ ഞാൻ മിണ്ടാതെ ഇരിക്കും അങ്ങനെ ഉള്ള സമയത്തു അവർ എന്നെ വിളിക്കും ഞാൻ ഉത്തരം അരുളുകയില്ല. അതിരാവിലെ എന്നെത്തേടിയാലും കണ്ടെത്തുകയില്ല. എന്തുകൊണ്ടാണ് ജ്ഞാനം അങ്ങനെ പറയുന്നത്? അവർ **ബുദ്ധിയെ** വെറുത്തു **കർത്താവിനെ ഭയപ്പെടുന്നതു** തിരഞ്ഞെടുക്കാതെപോയി. അങ്ങനെ തിരഞ്ഞെടുക്കുമ്പോഴാണ് ജ്ഞാനം നമ്മുടെ ജീവിതത്തിൽ ആരംഭിക്കുന്നത്.

**സദൃ. 1:33:-**എത്ര നല്ല ഒരു വ്യാഖ്യാനം. ഇന്നു പലർ സുഖജീവിതത്തിനു മുഖ്യത്വം കൊടുക്കുന്നു. ബാങ്കിൽ എത്ര ബാലൻസ് ഇരിക്കുന്നു എന്നു കാണാൻ പ്രാധാന്യം കൊടുക്കുന്നു. പക്ഷെ ജ്ഞാനത്തിനെക്കുറിച്ചോ ദൈവത്തെ ഭയപ്പെടുന്നതിനെക്കുറിച്ചോ ചിന്തയില്ലാതെ ഇരിക്കുന്നു.

**പ്രിയരെ, നമ്മുടെ ജീവിതത്തിൽ കർത്താവിനെ ഭയമുണ്ടോ ?** ദൈവഭയമുണ്ടെങ്കിൽ ആപത്തനർത്ഥങ്ങളെ ഭയപ്പെടാതെ സമാധാനത്തോടു ജീവിക്കാൻ സാധിക്കും.

**കുറുപ്പ്:-** മുകളിൽ വായിച്ച വേദഗവേഷണം ) എന്ന സ്ഥാപനം റേഡിയോ, ടിവി വഴിയായി പരസ്യപ്പെടുത്തിയതാണ്. ഈ സ്ഥാപനത്തിന്റെ ട്രഷറർ റവ. രവീന്ദ്രനാഥ് ശാമുവേൽ ആണ് അതിനെ എഴുതിയത്. അദ്ദേഹം പ്രസംഗിച്ചത് പുസ്തകമായി തമിഴിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ ബൈബിൾ ഗവേഷണം എല്ലാ ഭാഷയിലും കിട്ടുവാൻ ബന്ധപ്പെടേണ്ട വിലാസം

TWR INDIA,
IInd Street, Luke Nagar, Maharaja Nagar (Post)
Thirunalveli-627-11,
Cell : 9442252627


## ONLINE BANKING (NEFT)
**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**
SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

## ചരിത്രപരമായ നിയമം നിറവേറ്റപ്പെട്ടു.

ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ നിയമസഭ കൂടി ആഗസ്റ്റ് 20–ന് ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അനുകൂലനിയമം പാസ്സാക്കി. ഇത് ക്രിസ്ത്യാനി, സിക്ക്, പാഴ്സി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അന്തസ്സ്, ആനൂകൂല്യങ്ങൾ ഉറപ്പാക്കുന്നു. ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഇഷ്ടം പോലെ വികസനം നടത്താനും പ്രവേശനം കൊടുക്കാനും സ്വാതന്ത്ര്യം കൊടുക്കുന്ന നിയമം. ഇതിനെ ക്രിസ്തീയ സഭാ നേതാക്കളും സാമൂഹ്യനേതാക്കളും സന്തോഷത്തോടെ സ്വീകരി ച്ചിരിക്കുന്നു. ഇതുവരെ മുസ്ലീം സമൂഹം മാത്രം ഈ നന്മ കിട്ടിയിട്ടുള്ളവരാണ് ഇപ്പോൾ എല്ലാവർക്കും കിട്ടും എന്നുള്ള സന്തോഷവാർത്ത അറിയിക്കുന്നു.

**DECEMBER-2024**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.